# പൊതുമരാമത്ത് വകുപ്പ് ഭരണ വിഭാഗം ചീഫ് എഞ്ചിനീയറുടെ നടപടിക്രമം

(ഹാജർ : ജീവരാജ്. എം. എൻ)

വിഷയം: പൊതുമരാമത്ത് വകുപ്പ് - ജീവനക്കാര്യം - ശ്രീ. ഗിരീഷ്. ജി, അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) - ശൂന്യവേതനാവധി റദ്ദ് ചെയ്ത് ജോലിയിൽ പ്രവേശിക്കാൻ അനുവദിക്കുന്നത് - ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

സൂചന : 1. ഈ ആഫീസിലെ 17.11.2014 ലെ ഇ.സി1/21622/2014 നമ്പർ ഉത്തരവ്
2. ശ്രീ. ഗിരീഷ്. ജി യുടെ 16.01.2018 ലെ അപേക്ഷ

## ഉത്തരവ് നമ്പർ ഇ.സി1/638/17 തീയതി 20.01.2018

മലപ്പുറം പൊതുമരാമത്ത് വൈദ്യുത വിഭാഗം മലപ്പുറം സെക്ഷനിൽ അസിസ്റ്റന്റ് എഞ്ചിനീയർ ആയിരുന്ന ശ്രീ. ഗിരീഷ്. ജിക്ക് സൂചന (1) ഉത്തരവു പ്രകാരം വിദേശ ജോലി സ്വീകരിക്കുന്നതിനായി 5 വർഷത്തെ ശൂന്യവേതനാവധി അനുവദിച്ചിരുന്നു. അപ്രകാരം ശൂന്യവേതനാവധിയുടെ കാലാവധി അവസാനിക്കേണ്ടത് 23.12.2019 ന് ആയിരുന്നു. ഇപ്പോൾ ശ്രീ. ഗിരീഷ്. ജി തനിക്ക് അനുവദിച്ച ശൂന്യവേതനാവധിയുടെ ശേഷിക്കുന്ന ഭാഗം റദ്ദ് ചെയ്ത് തിരികെ ജോലിയിൽ പ്രവേശിപ്പിക്കുന്നതിനായി സൂചന (2) പ്രകാരം അപേക്ഷ സമർപ്പിച്ചിരിക്കുന്നു.

ഈ സാഹചര്യത്തിൽ ശ്രീ. ഗിരീഷ്. ജിക്ക് തിരികെ ജോലിയിൽ പ്രവേശിക്കുന്നതിനുള്ള അനുമതി നൽകിയും തൃശൂർ ഇലക്ട്രിക്കൽ വിങ്ങ് മെഡിക്കൽ കോളേജ് സെക്ഷനിൽ നിലവിലുള്ള അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ നിയമനം നൽകിയും ഇതിനാൽ ഉത്തരവാകുന്നു.

ശ്രീ. ഗിരീഷ്. ജി ജോലിയിൽ പ്രവേശിച്ച വിവരം യഥാസമയം ഈ ആഫീസിലേയ്ക്ക് റിപ്പോർട്ട് ചെയ്യേണ്ടതും ശൂന്യവേതനാവധിയുടെ ശേഷിക്കുന്ന ഭാഗം റദ്ദു ചെയ്യുന്നതിനുള്ള അപേക്ഷ മതിയായ രേഖകൾ സഹിതം ഈ ആഫീസിലേയ്ക്ക് അയയ്ക്കേണ്ടതുമാകുന്നു.

ഒപ്പ്,
ചീഫ് എഞ്ചിനീയർ

പകർപ്പ് 1. വ്യക്തിക്ക് (ഔദ്യോഗിക വെബ്സൈറ്റ് മുഖേന)
2. ബന്ധപ്പെട്ട നിയന്ത്രണാധികാരികൾക്ക് (ഔദ്യോഗിക വെബ്സൈറ്റ് മുഖേന)
3. ഐ.റ്റി. സെൽ
4. സൂക്ഷിപ്പു ഫയൽ

ഉത്തരവിൻ പ്രകാരം

ഭരണ സഹായി
(ജനറൽ)